# രജിസ്ട്രേഷൻ ഡയറക്ടറുടെ ആഫീസ്
## ജനറൽ സർക്കുലർ

ഐ. എൻ. എസ്. 3-455/87 തീയതി, തിരുവനന്തപുരം, 1987 ജനുവരി, 9.

വിഷയം:- രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരത്തോടൊപ്പം ഹാജരാക്കുന്ന വക്കാലത്തുകളുടെ നിയമ സാധുതയെ സംബന്ധിച്ച്.

പ്രധാനിക്കുവേണ്ടി മുക്ത്യാർ ഏജന്റ് ഒപ്പിട്ടു ഹാജരാക്കുന്ന ആധാരങ്ങളുടെ രജിസ്റ്റർ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചു സബ് രജിസ്ട്രാർമാർക്കിടയിൽ ചില അഭിപ്രായഭിന്നതകൾ ഉണ്ടെന്നും അതുമൂലം പൊതുജനങ്ങൾക്കു ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നേരിടുന്നതായും പരാതികൾ കിട്ടിക്കൊണ്ടിരിക്കുന്നു. രജിസ്ട്രേഷൻ ആക്റ്റിലെ 32, 33 വകുപ്പുകളും 496 -ാം മാനുവൽ ഓർഡറും ശരിയായി പഠിച്ചു പ്രവൃത്തിയിൽ കൊണ്ടുവരാത്തതുകൊണ്ടാണ് വിഷമതകൾ ഉണ്ടാകുന്നതെന്നു മനസ്സിലാക്കുന്നു. ആധാരങ്ങൾ രജിസ്ട്രാക്കേണ്ടതിനായി ആർക്കെല്ലാം ഹാജരാക്കാം എന്നതിനെ സംബന്ധിച്ചതാണ്. രജിസ്ട്രേഷൻ ആക്റ്റിലെ 32 -ാം വകുപ്പിൽ പ്രതിപാദിക്കുന്നത്. 32 -ാം വകുപ്പു പ്രകാരം ആധാരം എഴുതികൊടുക്കുന്ന കക്ഷികൾക്കുവേണ്ടി മുക്ത്യാർകാരനെ അംഗീകരിക്കപ്പെടണമെങ്കിൽ ഏതുവിധത്തിൽ മുക്ത്യാർ അംഗീകാരം കൊടുത്തിരിക്കണം എന്നതു സംബന്ധിച്ചാണ് 33 -ാം വകുപ്പ്. പ്രധാനിക്കുവേണ്ടി മുക്ത്യാർ ഏജന്റ് ഒപ്പിടുന്ന ആധാരങ്ങൾ ഒപ്പിട്ട മുക്ത്യാർകാരൻ രജിസ്ട്രേഷനു ഹാജരാകുമ്പോൾ പ്രധാനിയുടെ മുക്ത്യാർനാമം ഹാജരാക്കേണ്ടതില്ല. പ്രധാനിക്ക് ഏതുവിധത്തിലെങ്കിലും തനിക്കുവേണ്ടി ഒപ്പിടുവാനായി മുക്ത്യാർ ഏജന്റിനെ അധികാരപ്പെടുത്താം. ആ വക സന്ദർഭങ്ങളിൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ പ്രധാനി ഏതുവിധത്തിൽ ആരാൽ സാക്ഷ്യപ്പെടുത്തി മുക്ത്യാർ ഏജന്റിനെ അധികാരപ്പെടുത്തി എന്നു അന്വേഷിക്കേണ്ടതില്ല. ഏജന്റ് മുക്ത്യാർ നാമമോ അധികാരപത്രമോ ഓഫീസിൽ ഹാജരാക്കേണ്ടതില്ല. മാനുവൽ ഓർഡർ 496 പ്രകാരം ഈ സംഗതി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രധാനി സ്വയം ആധാരത്തിൽ ഒപ്പിടുകയും അപ്രകാരം ഒപ്പിട്ട ആധാരം രജിസ്റ്റർ കച്ചേരിയിൽ പ്രധാനിക്കു വേണ്ടി ഹാജരാക്കി ഒപ്പുസമ്മതം രേഖപ്പെടുത്താൻ ഏജന്റിനെ അധികാരപ്പെടുത്തുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ രജിസ്ട്രേഷൻ ആക്റ്റ് 33 -ാം വകുപ്പിൽ വിവരിക്കപ്പെടുന്നതു പോലെയുള്ള സാക്ഷ്യപ്പെടുത്തിയ മുക്ത്യാർനാമം ഏജന്റ് രജിസ്റ്റർ കച്ചേരിയിൽ ഹാജരാക്കേണ്ടതും രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ അതു പരിശോധിച്ചു ബോദ്ധ്യപ്പെട്ടു നടപടി നടത്തേണ്ടതുമാണ്.

ഒപ്പ്

രജിസ്ട്രേഷൻ ഡയറക്ടർ.